**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.927** | **29.09.2016-ൽ മറുപടിക്ക്**

## ശുചിത്വ തീരം പദ്ധതി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.സി.ദിവാകരൻ**<br>**ശ്രീ. ജി.എസ്. ജയലാൽ**<br>**ശ്രീമതി. ഗീതാ ഗോപി**<br>**ശ്രീ.കെ.രാജൻ** | | **ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ**<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി) |
| (എ)) | കടൽ തീരത്ത് മാലിന്യങ്ങൾ കൊണ്ടു വന്ന് തള്ളുന്ന പ്രവണത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കടൽതീരത്ത് മാലിന്യങ്ങൾ കൊണ്ടു വന്ന് തള്ളുന്ന പ്രവണത ശ്രദ്ധയിൽപ്പെട്ടി ട്ടുണ്ട്. |
| (ബി) | തീരദേശമേഖലയെ മാലിന്യ മുക്തമാക്കുന്നതിനുള്ള 'ശുചിത്വതീരം' പദ്ധതി നിലവിലുണ്ടോ; ഉണ്ടെങ്കിൽ പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ വെളിപ്പെടുത്തുമോ; | (ബി) | 'ശുചിത്വതീരം' പദ്ധതി ആരംഭിച്ചി ട്ടുണ്ട്. കേരള തീരത്തെ മുഴുവൻ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കും ശുദ്ധമായ കുടിവെള്ളവും സുരക്ഷിതമായ ടോയ്ലറ്റുകളും തീരത്തിലാകെ ഫലപ്രദമായ മാലിന്യസംസ്ക്കരണ സംവിധാനങ്ങളും മികച്ച ശുചിത്വബോധവും ശീലങ്ങളും പ്രദാനം ചെയ്യുക എന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യം. ശുചിത്വ തീരം പദ്ധതിയുടെ ഭാഗമായി എല്ലാ തീരദേശ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും മേധാവികളുടേയും ജില്ലാ കളക്ടർമാരുടേയും ഫിഷറീസ് വകുപ്പ് ഉദ്യോഗസ്ഥരുടേയും യോഗം വിളിച്ച് ചേർത്ത് തീരദേശത്തും കായലോരത്തും മാലിന്യം തള്ളുന്നവർക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. |
| (സി) | പദ്ധതി വഴി ശേഖരിക്കുന്ന മാലിന്യത്തിന്റെ നിർമ്മാർജ്ജനവും, കാര്യകർതൃത്വവും എപ്രകാരമാണ് നിർവ്വഹിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ; | (സി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും ശുചിത്വ മിഷന്റെയും സഹകരണത്തോടും പങ്കാളിത്വത്തോടെയുമാണ് പദ്ധതി നടപ്പാക്കുന്നതിന് ഉദ്ദേശിച്ചിരിക്കുന്നത്. പദ്ധതിയുടെ ഭാഗമായി വൃത്തിയുള്ളതും ഉപയോഗക്ഷമവുമായ ശൗച്യാലയങ്ങൾ തീരപ്രദേശത്ത് ഒരുക്കുന്നതിനും തീരം വൃത്തിയായി നില നിർത്തുന്നതിനും വേണ്ടി ആവശ്യമായ ഡെസ്റ്റ് ബിന്നുകൾ സ്ഥാപിച്ച് അതിലൂടെ ശേഖരിക്കുന്ന ഖര മാലിന്യങ്ങളെ ജൈവ-അജൈവങ്ങളായി തരംതിരിക്കുകയും അജൈവ മാലിന്യങ്ങളിൽ വിശിഷ്യാ പ്ലാസ്റ്റിക്കിനെ തരംതിരിച്ച് റോഡു നിർമ്മാണത്തിന് പ്രയോജനപ്പെടുത്തുന്നതിനുമാണ് ഉ ദ്ദേശിക്കുന്നത്. പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി ബോധവൽക്കരണ പരിപാടികളും പ്രചാരണ പരിപാടികളും നടത്തി വരുന്നു. ശുചിത്വ മിഷനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ക ണ്ടെത്തിയിട്ടുള്ള ഏജൻസികൾ മുഖാന്തിരമാണ് പദ്ധതിയിലൂടെ ശേഖരിക്കുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ സംസ്ക്കരിക്കുന്നത്. പ ദ്ധതിക്ക് ജനകീയ പങ്കാളിത്തം ഉറപ്പാക്കുന്നതിനായി മത്സ്യത്തൊഴിലാളി |

| | | | |
|---|---|---|---|
| | | | സഹകരണ സംഘങ്ങൾ, വനിതാ സ്വയം സഹായ സംഘങ്ങൾ, എൻ.ജി.ഒ കൾ, കമ്മ്യൂണിറ്റി ഓർഗനൈസേഷനുകൾ, ബാങ്കുകൾ, സ്വകാര്യ സ്ഥാപനങ്ങൾ, പൊതു ജനങ്ങൾ എന്നിവരുടെ പൂർണ്ണ സഹായ സഹകരണത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്. |
| (ഡി) | പദ്ധതിയുടെ നടത്തിപ്പ് ഏതൊക്കെ ഏജൻസികളെയാണ് ഏല്പിച്ചിട്ടുള്ളത്? | (ഡി) | പദ്ധതിയുടെ പ്രാരംഭ പ്രവർത്തനം എന്ന നിലയ്ക്ക് ജില്ലാ കളക്ടർമാരുടെ അദ്ധ്യക്ഷതയിൽ യോഗം വിളിച്ച് ചർച്ച നടത്തിയിട്ടുണ്ട്. സ്വയംസഹായ സംഘങ്ങളു ടേയും സന്നദ്ധ പ്രവർത്തകരു ടേയും പങ്കാളിത്തത്തോടെ തീരപ്രദേശത്ത് സർവ്വേ നടപടികൾ ആരംഭിച്ചിട്ടു ണ്ട്. |

സെക്ഷൻ ഓഫീസർ